**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2608** **07-07-2022 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്ന ഉദ്യോഗസ്ഥരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ; | (എ) | കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്ന ഉദ്യോഗസ്ഥരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബാങ്കിലെ നിക്ഷേപകർക്ക് പണം തിരിച്ചു നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | കുടിശ്ശികയായ വായ്പ്പകളിൽ സ്പെഷ്യൽ സെയിൽ ആഫീസറുടെ സൗജന്യ സേവനം ഉപയോഗപ്പെടുത്തി Arbitration Case, Execution Petition നടപടികളിലൂടെ വായ്പ തുക തിരികെ ഈടാക്കി ടി തുക നിക്ഷേപങ്ങൾ തിരികെ നൽകുന്നതിനു ഉപയോഗിച്ച് വരുന്നു |
| (സി) | ബാങ്കിനുണ്ടായ ബാധ്യത എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഈ തുക എങ്ങനെ ഈടാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | സർക്കാർ നിയോഗിച്ച ഉന്നതല സമിതിയുടെ റിപ്പോർട്ട് പ്രകാരം 219,33,89,533/-(219.33 കോടി)രൂപയുടെ ക്രമക്കേടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. കേരള സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള റിപ്പോർട്ട് പ്രകാരം വായ്പ പലിശ ഉൾപ്പെടെ 122,51,90,578/-(122.52 കോടി )രൂപയും വ്യാപാര സ്റ്റോക്കിൽ കുറവ് ഇനത്തിൽ 2,72,02,835/- (2.72 കോടി) രൂപയും നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകിയ ഇനത്തിൽ 85,33,172/-(85.33 ലക്ഷം) രൂപയും കൂടി ആകെ 126,09,26,585/-(126.09 കോടി) രൂപ ക്രമക്കേട് നടത്തിയവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>സഹകരണ വകുപ്പ്, ക്രൈം ബ്രാഞ്ച് എന്നിവർ നടത്തിയിട്ടുള്ള അന്വേഷണത്തിൽ കുറ്റാരോപിതരായി കണ്ടെത്തിയവരുടെ സ്വത്തുകൾ Criminal Law Amendment Ordinance, 1944 പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | ആയതിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ